മൊഡ്യൂൾ 3

# മിശ്കാത്

യൂത്ത് ലേണിംഗ് ഹബ്ബ്, യൂത്ത് ഇന്ത്യ കുവൈത്ത്

YOUTH INDIA
KUWAIT

# <u>1. ഹദീസ് പഠനം</u>

## ജനസേവനം ദൈവാരാധന

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ الله صَلَّى الله عَلَيْهِ وَسَلَّمَ: مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرْبِ الدُّنْيا نَفَّسَ الله عَنْهُ كُرْبةً مِنْ كُرَبِ يَوْمِ الْقِيَامَةِ وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ الله عَلَيْهِ فِي الدُّنْيَا وَالآخِرَة (مسلم)

**അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: ഒരുവൻ ഒരു സത്യവിശ്വാസിയുടെ ഇഹലോകത്തിലെ ഒരു പ്രയാസം ഇല്ലാതാക്കിയാൽ അന്ത്യദിനത്തിൽ അവന്റെ പ്രയാസം അല്ലാഹു ഇല്ലാതാക്കും. പ്രയാസപ്പെടുന്നയാൾക്ക് ആരെങ്കിലും ആശ്വാസം നൽകിയാൽ, അല്ലാഹു ഇഹത്തിലും പരത്തിലും അവന്റെ പ്രയാസങ്ങൾ എളുപ്പമാക്കും. (മുസ്‌ലിം)**

സമൂഹത്തിൽ ബുദ്ധിമുട്ടും ദുരിതവും അനുഭവിക്കുന്നവർക്ക് ആശ്വാസമേകുക ഏതൊരു സത്യവിശ്വാസിയുടെയും കടമയാണ്. അന്ത്യനാളിൽ അല്ലാഹുവിന്റെ കനിവും കാരുണ്യവും അതുമൂലം അവർക്ക് ലഭിക്കും. അല്ലാഹുവിനോടുള്ള തഖ്‌വ അവന്റെ സൃഷ്ടികളോടുള്ള സ്നേഹവും കാരുണ്യവുമായി മുസ്‌ലിംകളിൽ പ്രകടമാവണം.

ആത്മാർഥമായ സേവനമനസ്സിന് പരലോകത്ത് സങ്കൽപിക്കാനാവാത്ത പ്രതിഫലം കിട്ടുമെന്നാണ് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. പലതരം പ്രയാസങ്ങൾ പലപ്പോഴായി മനുഷ്യൻ അനുഭവിക്കാറുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട്, ശാരീരിക അവശതകൾ, മാനസിക ദൗർബല്യങ്ങൾ തുടങ്ങി അവഗണന, പീഡനം, കുടിവെള്ളം കിട്ടാതിരിക്കൽ, പകർച്ചവ്യാധികൾവരെ അനുഭവിക്കുന്നവർ നമുക്കു ചുറ്റുമുണ്ട്. അത്തരം പരീക്ഷണങ്ങൾ നേരിടുന്നവരെ മുസ്‌ലീംകൾ സഹായിക്കണം. അനാഥയെ ആട്ടിയകറ്റുകയോ അവന്റെ അവകാശങ്ങൾ തട്ടിയെടുക്കുകയോ ദരിദ്രന്റെ അവകാശം നൽകാൻ പേരിപ്പിക്കാതിരിക്കുകയോ ചെയ്യുന്നവൻ ദീനിനെ അംഗീകരിക്കാത്തവനാണെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ടല്ലോ. വിധവകളുടെയും അഗതികളുടെയും ക്ഷേമത്തിന് വേണ്ടി രംഗത്തിറങ്ങുന്നവർ ദൈവികമാർഗത്തിലെ പോരാളികളെ പോലെയാണെന്ന നബിവചനവും ഉണ്ട്.

ചികിത്സ, വിദ്യാഭ്യാസം, വീട് നിർമാണം, വിവാഹം മുതലായ ആവശ്യങ്ങൾക്ക് പണമില്ലാതെ ദരിദ്രർ മുന്നിലെത്തുമ്പോൾ അവരെ കഴിയുംവിധം സഹായിച്ചാൽ തന്നെ എത്രയോ പുണ്യങ്ങൾ നമുക്ക് കിട്ടും. രോഗിക്ക് ആശ്വാസം നൽകാനോ ദാഹിച്ചവന് വെള്ളം നൽകാനോ വിശന്നവന് ആഹാരം നൽകാനോ തയ്യാറാവാത്തവർ യഥാർഥത്തിൽ അതുവഴി അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയാണ്. ജനസേവനത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യവും പ്രോത്സാഹനവും ഈ സേവനത്തിനായി ഹദീസിൽ നിന്ന് വ്യക്തമാണ്. സാമൂഹിക സേവനത്തിനായി മുന്നിട്ടിറങ്ങുന്നവർക്ക് നബിവചനം വലിയൊരു പ്രചോദനമാണ്.

മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ കാണാനും കണ്ണുനീരൊപ്പാനും നമുക്ക് കഴിയണം. അവശവിഭാഗങ്ങളെ സംരക്ഷിക്കാനുള്ള സംരംഭങ്ങൾക്ക് ശാരീരികമോ, സാമ്പത്തികമോ, മാനസികമോ ആയ

പിന്തുണ നൽകാൻ നാം തയ്യാറായാലേ, അന്ത്യനാളിലെ വിചാരണ വേളയിൽ നമ്മെ രക്ഷിക്കാൻ അല്ലാഹു തയ്യാറാകൂ.

ആളുകൾ പരസ്പരം സഹകരിക്കേണ്ടതില്ലാത്ത, ആർക്കും ആരുടെയും സഹായം ആവശ്യമില്ലാത്ത, ഒരു സാമൂഹിക ക്രമവും ഇന്നീ ലോകത്തിലില്ല; ഇനി ഉണ്ടാവാനും പോകുന്നില്ല. ബലവാനും ദുർബലനും ധനികനും ദരിദ്രനും മനുഷ്യസമൂഹത്തിൽ ഇടകലർന്നുള്ള കാലത്തോളം ശാന്തിയുടെയും സംതൃപ്തിയുടെയും വഴികൾ തേടേണ്ടതുണ്ട്. ശക്തൻ അശക്തന് താങ്ങാവുമ്പോഴും സമ്പന്നൻ സാധുവിനെ സഹായിക്കാൻ സന്നദ്ധനാവുമ്പോഴുമാണ് അതിനു സാധ്യമാവുക. വ്യക്തികൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുമ്പോൾ മാത്രമാണ് സമൂഹം കെട്ടുറപ്പുള്ളതാവുന്നത്. ചിലർക്ക് സ്വന്തം അധ്വാനത്തിലൂടെ കൂടുതൽ നേടാൻ കഴിയും. അപ്പോൾ അവർ ഒന്നിനും കഴിയാത്തവരെ അവഗണിക്കുകയാണെങ്കിൽ അത് അല്ലാഹുവിനോട് കാട്ടുന്ന നന്ദികേടാണ്. അധ്വാനശേഷി അല്ലാഹുവാണല്ലോ നൽകുന്നത്. ധനവും അല്ലാഹുവിന്റേതു തന്നെ. വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നു.

'നാം നിങ്ങളിൽ ചിലരെ വേറെ ചിലർക്ക് പരീക്ഷണമാക്കിയിരിക്കുന്നു. നിങ്ങൾ ക്ഷമാശീല രാവുമോ? അറിയുക, അല്ലാഹു എല്ലാം കാണുന്നുണ്ട്.' (ഖുർആൻ 25: 20)

ചെലവഴിക്കുന്നതെല്ലാം അല്ലാഹുവിന്റെ മാർഗത്തിലാവണം. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം മാത്രമേ ആഗ്രഹിക്കാവൂ. അങ്ങനെ വരുമ്പോൾ മനുഷ്യമനസ്സുകൾ ഒരു സവിശേഷരീതിയിൽ ഇണങ്ങിച്ചേരുന്നു. നന്മയിൽ പരസ്പരം സഹകരിക്കാനും സഹായിക്കാനും ധനികദരിദ്രഭേദമെന്യേ സകലരും സന്നദ്ധരാകുന്നു. സ്വാർഥചിന്തയും സങ്കുചിത മനോഭാവവും എല്ലാവരും കൈവെടിയുന്നു. കാരണം, ഓരോ വ്യക്തിയും സമൂഹം ഒന്നടങ്കവും തേടുന്നത് അല്ലാഹുവിന്റെ പ്രീതി മാത്രം. അതിനു കാരണം ഒറ്റയായും കൂട്ടായും ജനങ്ങളെല്ലാം അല്ലാഹുവിന്റെ വിളി കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്നതാണ്:

'ശ്രദ്ധിക്കൂ, നിങ്ങളിതാ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ വിളിക്കപ്പെടുന്നു. അന്നേരം നിങ്ങളിൽ ചിലരതാ പിശുക്ക് കാട്ടുന്നു. എന്നാൽ പിശുക്ക് കാട്ടുന്നവർ അവന്റെ ആത്മാവിനോട് തന്നെയാണ് പിശുക്ക് കാട്ടുന്നത്. അല്ലാഹുവിന് ഒന്നിന്റെയും ആവശ്യമില്ല. നിങ്ങളാകുന്നു. ആവശ്യക്കാർ' (ഖുർആൻ 47:38)

ഇല്ലായ്മയും ദാരിദ്ര്യവും വരുത്തിക്കൂട്ടുന്ന കുഴപ്പങ്ങൾ നിരവധിയാണ്. ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ ദാരിദ്ര്യം മനുഷ്യർക്ക് സമ്മാനിക്കുന്നു. അല്ലാഹു മനുഷ്യന് വിശിഷ്ടമായ ഒരു പദവി നൽകിയിട്ടുണ്ട് ഭൂമിയിൽ. ദാരിദ്യം അവനെ ആ പദവിയിൽ നിന്ന് താഴെ തള്ളിയിടുന്നു. തന്മൂലം നിതാന്തഭീതിയിലായിരിക്കും എല്ലായ്പ്പോഴും അവർ. ദിവസങ്ങളോളം ഒന്നും തിന്നാത്ത അവസ്ഥയിൽ വിശന്നു മരിച്ചുപോകുമോ എന്ന ഭീതി കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമുടുത്ത് ആകാശത്തിന് ചോട്ടിൽ ഉറങ്ങവേ തണുത്ത് മരവിച്ച് പോകുമോ എന്ന ഭീതി; കാണുന്നവരെല്ലാം ആട്ടിപ്പായിക്കുമോ എന്ന ഭീതി ..

ദാരിദ്ര്യം വരുത്തിയ കൊടും ദുരിതങ്ങളിൽ മനസ്സലിയാത്തവർ മനുഷ്യരല്ല. ഒരു ഉർദു കവി പറയുന്നു:

'അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അലിവ് കാട്ടാനാണ് ദൈവത്തെ വാഴ്ത്തിക്കൊണ്ടിരിക്കാൻ മാത്രമാണെങ്കിൽ മലക്കുകൾ മതിയായിരുന്നല്ലോ.' ഒരു മുസ്‌ലിം മറ്റു മനുഷ്യരെ സ്നേഹിക്കണം. കഷ്ടപ്പെടുന്നവരെ കൈപിടിച്ചുയർത്തണം. എങ്കിലേ അല്ലാഹു അവനെ സ്നേഹിക്കൂ. അവനെ സ്വർഗത്തിലേക്കുയർത്തു.

# 2. ഹദീസ് തേടിയുള്ള യാത്രകൾ

ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രഗൽഭ പണ്ഡിതനാണ് ഇബ്നു ഖുസൈമ (റ). പതിനേഴാം വയസ്സിലാണ് അദ്ദേഹം ഹദീസ് പഠിക്കാനും ശേഖരിക്കാനുമുള്ള യാത്ര തുടങ്ങിയത്. വിവിധ രാജ്യങ്ങളിലുള്ള ഹദീസ് പഠനകേന്ദ്രങ്ങളിലെല്ലാം ആവശ്യത്തിനായി ഇബ്നു ഖുസൈമ (റ) എത്തിച്ചേർന്നു. അവിടങ്ങളിലുള്ള പണ്ഡിതൻമാരുമായി ഇടപഴകി. അവരുടെ ശിഷ്യനായി പഠനം നടത്തി. ധാരാളം ഹദീസുകൾ ഇതിനിടയിൽ അദ്ദേഹം ശേഖരിച്ചു കഴിഞ്ഞിരിന്നു. ഇമാം ബുഖാരിയിൽനിന്നും ഇമാം മുസ്‌ലിമിൽനിന്നും അദ്ദേഹം ഹദീസുകൾ ശേഖരിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ യാത്രാ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന അക്കാലത്ത് ഇബ്നു ഖുസൈമയും ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും മറ്റു ഹദീസ് പണ്ഡിതൻമാരും ഹദീസുകൾ ശേഖരിക്കുന്നതിനായി എന്തുമാത്രം കഷ്ടപ്പെട്ടിട്ടുണ്ടാകും!

ഇസ്‌ലാമിന്റെ കൽപനകൾ ശരിയായ വിധത്തിൽ പാലിച്ചുകൊണ്ട് ജീവിക്കാനാണല്ലോ നാം ഹദീസിനെ ആശ്രയിക്കുന്നത്. ഹദീസുകൾ കണ്ടെത്തുന്നതിനും അവ പഠിക്കുന്നതിനും മുസ്‌ലീംകൾ എക്കാലത്തും താൽപര്യം കാണിച്ചിരുന്നതിന്റെ കാരണവും ഇതുതന്നെയായിരുന്നു.

അറിവില്ലായ്മ മൂലം കാലക്രമത്തിൽ സമൂഹത്തിൽ പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വിശ്വാസപ്പിഴവുകളും സംഭവിക്കാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭത്തിൽ എല്ലാവരും അന്വേഷിക്കുന്നത് നബി(സ്വ) ഇക്കാര്യത്തിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നാണ്. മുസ്‌ലീം സമൂഹം നബിയുടെ വാക്കുകൾക്ക് വില കൽപിക്കുന്നതിനാൽ നബിയുടെ പേരിൽ കൃത്രിമമായി ഹദീസ് ഉണ്ടാക്കാനും പിന്നീട് ചിലർ ശ്രമങ്ങൾ നടത്തി. ഇത്തരം ഹദീസുകളെ വ്യാജഹദീസുകൾ ( مَوْضُوع ) എന്നാണ് വിളിക്കുന്നത്.

പല ആളുകളിൽനിന്നാണല്ലോ ഹദീസ് ശേഖരിച്ചിരുന്നടത്. അവർ ഈ ഹദീസുകൾ എവിടെനിന്നു കേട്ടു? അവർക്ക് അത് എവിടെനിന്ന് കിട്ടി? ഇങ്ങനെയുള്ള അന്വേഷണങ്ങളിലൂടെ ഹദീസിന്റെ നിവേദക പരമ്പര കണ്ടെത്തുന്നു. ഇങ്ങനെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് എന്ന കണക്കിൽ നീണ്ടുപോകുന്ന ഈ പരമ്പര എവിടെയാണ് എത്തുക. തീർച്ചയായും അത് റസൂൽ (സ) തിരുമേനിയിൽ ചെന്നാണ് അവസാനിക്കുക. ഈ കൈമാറ്റപരമ്പര നബിയിലെത്തുന്നില്ലെങ്കിൽ അതിനെ ഹദീസ് ആയി പരിഗണിക്കുകയില്ല. ഹദീസിന്റെ നിവേദകപരമ്പരക്ക് സനദ് (سَنَد )എന്നാണ് പറയുക. സനദ് നോക്കി ഹദീസ് സ്വീകരിക്കാൻ പറ്റുമോ ഇല്ലയോ എന്ന് പറയാൻ കഴിയും.

നൂറു ശതമാനവും ശരിയെന്നു ബോധ്യമായ ഹദീസുകളെ صَحِيح (പ്രബലം) എന്ന് പറയുന്നു. സ്വീകാര്യമെങ്കിലും സ്വഹീഹിന്റെ അത്ര പ്രബലമല്ലാത്ത ഹദീസുകൾ حَسَن (സാമാന്യം മികച്ചത്) എന്ന് അറിയപ്പെടുന്നു. സത്യസന്ധമെന്നതീർത്തുപറയാൻ കഴിയാത്തവയാണ് ضَعِيف (ദുർബലം) ആയ ഹദീസുകൾ. തീർത്തുംവ്യാജം എന്നുറപ്പുള്ളത് مَوْضُوع എന്ന് അറിയപ്പെടുന്നു.

## പ്രശസ്തമായ ചില ഹദീസ് ഗ്രന്ഥങ്ങൾ

### അൽ മുവത്വ

ആദ്യത്തെ ഹദീസ് സമാഹാരഗ്രന്ഥമാണ് അൽ മുവത്വ. ഇമാം മാലിക് ആണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്.

## അസ്വിഹാഹുസ്സിത്ത

സ്വഹീഹായ ഹദീസുകള്‍ ശേഖരിക്കപ്പെട്ട ആറ് പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളെ ഒന്നിച്ചു പറയുന്ന പേരാണ് സ്വിഹാഹുസ്സിത്തഃ'. ഇമാം ബുഖാരിയുടെയും ഇമാം മുസ്‌ലിമിന്റെയും ഹദീസ് ഗ്രന്ഥങ്ങളോടൊപ്പം അബൂദാവൂദ്, തിര്‍മിദി, നസാഈ, ഇബ്നുമാജ എന്നിവരുടെ ഹദീസ് ഗ്രന്ഥങ്ങളാണ് സ്വിഹാഹുസ്സിത്തയിലുള്ളത്.

## മുത്തഫഖുന്‍ അലൈഹി

പ്രാമാണികതയില്‍ ഒന്നാം സ്ഥാനത്ത് നില്‍ക്കുന്ന ഹദീസ് സമാഹാരമായ സ്വഹീഹുല്‍ ബുഖാരിയിലും രണ്ടാം സ്ഥാനത്ത് നില്‍ക്കുന്ന സ്വഹീഹുല്‍ മുസ്‌ലിമിലും ഒരുപോലെ കാണപ്പെടുന്ന ഹദീസുകള്‍ക്കാണ് മുത്തഫഖുന്‍ അലൈഹി എന്നുപറയുന്നത്. ഇമാം ബുഖാരിയും ഇമാം മുസ്ലിമും യോജിച്ച് റിപ്പോര്‍ട്ട് ചെയ്തവ എന്നര്‍ഥം.

## ബുലൂഗുല്‍ മറാം

ഫിഖ്ഹീ വിഷയക്രമമനുസരിച്ച് ഹദീസുകള്‍ ക്രോഡീകരിച്ചിട്ടുള്ള ഒരു കൊച്ചുഗ്രന്ഥമാണ് ബുലൂഗുല്‍ മറാം. ഹാഫിള് ഇബ്നു ഹജറില്‍ അസ്ഖലാനിയാണ് ഇതു രചിച്ചത്.

## രിയാദുസ്സ്വാലിഹീന്‍

സുകൃതരുടെ പൂങ്കാവനം' എന്നാണ് ഈ വാക്കിനര്‍ഥം. ആത്മസംസ്കരണത്തിലൂടെ ദൈവസാമിപ്യം നേടാന്‍ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ രചിച്ചിരിക്കുന്ന ഈ കൃതിയുടെ കര്‍ത്താവ് ഇമാം നവവിയാണ്. സാധാരണക്കാര്‍ക്കിടയില്‍ ഏറെ പ്രചാരം നേടിയ കൃതിയാണിത്.

## മസ്വാബിഹുസ്സുന്നഃ

പ്രവാകചര്യയുടെ ദീപങ്ങള്‍ എന്നര്‍ഥമുള്ള ഈ ഹദീസ് സമാഹാരത്തില്‍ നിവേദകന്മാരുടെ നീണ്ട പരമ്പരകളെ ഒഴിവാക്കി ഹദീസ് മാത്രം ഉള്‍ക്കൊള്ളിച്ചിരിക്കുന്നു.. ഇത്തരത്തിലുള്ള ആദ്യത്തെ ഹദീസ് ഗ്രന്ഥം ഇതാണ്. ഇമാം അല്‍ ഹുസൈന്‍ അല്‍ ബഗവി രചിച്ചതാണീ ഗ്രന്ഥം

## മിശ്കാത്തുല്‍ മസ്വാബീഹ്

ഇമാം ബഗവിയുടെ മസ്വാബീഹുസ്സുന്നയുടെ വിപുലീകരിച്ച രൂപമായ ഈ സമാഹാരം തയ്യാറാക്കിയത് മുഹമ്മദ് ഇബ്നു അബ്ദില്ല അല്‍ഖത്വീബ് അത്തിബ്‌രീസി എന്ന പണ്ഡിതനാണ്. വിവിധ ഭാഷകളിലേക്ക് മിശ്കാത്ത് വിവര്‍ത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രമാത്രം വ്യാഖ്യാനങ്ങളും പരിഭാഷകളും ഇതിനുണ്ടായത് ഇതിന്റെ ജനപ്രീതിയുടെയും സ്വീകാര്യതയുടെയും തെളിവാണ്.

## ശൈഖ് നാസ്വിറുദ്ദീന്‍ അല്‍ബാനി

ഹദീസുകളെപ്പറ്റി ആഴത്തില്‍ പഠിക്കുകയും അവയില്‍ സ്വീകാര്യമായവയും അല്ലാത്തതും ഏതൊക്കെയെന്ന് വേര്‍തിരിച്ചുകാണിക്കുന്നതിനായി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത ആധുനികപണ്ഡിതനാണ് ശൈഖ് നാസ്വിറുദ്ദീന്‍ അല്‍ബാനി. 1914-ല്‍ യൂറോപ്യന്‍ രാജ്യമായ അല്‍ബേനിയ യിലാണ് നാസ്വിറുദ്ദീന്‍ അല്‍ബാനിയുടെ ജനനം.

ഇദ്ദേഹത്തിന്റെ പ്രധാന കൃതിയാണ് സില്‍സിലത്തുല്‍ അഹാദീസിസ്സ്വഹീഹ. സ്വഹീഹായ ഹദീസുകള്‍ തെരഞ്ഞെടുത്ത് വിഷയാടിസ്ഥാനത്തില്‍ ക്രോഡീകരിച്ച ഈ ഗ്രന്ഥം ആറു ഭാഗങ്ങള്‍ ചേര്‍ന്നതാണ്.

# 3. മദീനാ പ്രവേശം

യസ്‌രിബിൽനിന്നു രണ്ടുകാതമകലെയുള്ള ഖുബാഇൽ എത്തിയ പ്രവാചകൻ നാലുനാൾ അവിടെ താമസിച്ച് ഒരു പള്ളി സ്ഥാപിച്ചു. ഈ സമയത്ത് പ്രവാചകൻ താമസത്തിന് തെരഞ്ഞെടുത്തത് ഖുബായിലെ വന്ദ്യവയോധികനായ കുൽസൂമിന്റെ വീടായിരുന്നു. ആ വീട്ടിലേക്ക് അദ്ദേഹം ഹംസ യെയും സൈദിനെയും നേരത്തെ തന്നെ സ്വാഗതം ചെയ്തിരുന്നു. ബനൂഅംറിലെ കുൽസൂമിന്റെ കുലം ഔസ് ഗോത്രത്തിൽ പെട്ടതായിരുന്നു. അബൂബക്കറിനെ സ്വീകരിച്ചത് മദീനയ്ക്കടുത്തുള്ള ഉപരിഗ്രാമമായ സുൻഹിലെ ഖസ്റജ് കുലക്കാരനാണ്. രണ്ടുദിവസം കഴിഞ്ഞപ്പോൾ മക്കയിൽനിന്ന് അലിയും മദീനയിലെത്തി പ്രവാചകനോടൊപ്പം താമസമാരംഭിച്ചു. ധാരാളം വ്യക്തികളുടെ വിശ്വസിച്ചേ ൽപിച്ച സാധനങ്ങൾ ഉടമകൾക്ക് തിരിച്ചുനൽകാൻ അലിയെ പ്രവാചകൻ ഏൽപ്പിച്ചിരുന്നുവല്ലോ. അലിക്ക് സാധനങ്ങളെല്ലാം ഉടമകളെ തിരിച്ചേൽപ്പിക്കാൻ മൂന്നുദിവസം മക്കയിൽ തന്നെ തങ്ങേണ്ടി വന്നിരുന്നു. പകൽ ഒളിച്ചിരുന്നും രാത്രി കാൽനടയായും സഞ്ചരിച്ചും ദീർഘമായ രണ്ടാഴ്ചക്കാലത്തെ ക്ലിഷ്ടപൂർണമായ യാത്രയ്ക്കു ശേഷമാണ് വിശ്വാസികളായ സഹോദരങ്ങളോടൊപ്പം അദ്ദേഹം ചേർന്നത്.

പ്രവാചകനെ ആശീർവദിക്കാൻ ധാരാളം പേർ വന്നുകൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ സദു ദ്ദേശ്യം കൊണ്ട് എന്നതിനേക്കാളേറെ, കാര്യം മനസ്സിലാക്കാനുള്ള കൗതുകം കൊണ്ട് നിരവധി ജൂതന്മാരും വന്നിരുന്നു. എന്നാൽ, രണ്ടാമത്തെയോ മൂന്നാമത്തെയോ ഒരു വൈകുന്നേരം ആകാരത്തിലും വേഷവിധാനത്തിലും ഏറെ വ്യത്യസ്തമായി അറബിയോ ജൂതനോ അല്ലാത്ത ഒരു മനുഷ്യൻ അവിടെ വന്നു. പേർഷ്യയിലെ സൊരാഷ്ട്രിയൻ മാതാപിതാക്കൾക്ക് പിറന്ന, ഇസ്ഫഹാൻ പട്ടണത്തിനടുത്ത ജയ്യ് ഗ്രാമത്തിലെ സൽമാൻ എന്ന വ്യക്തിയായിരുന്നു അത്. അയാൾ പിന്നീട് ക്രിസ്ത്യാനിയാവുകയും യു വാവായിരിക്കെ സിറിയയിലേക്ക് പോവുകയും ചെയ്തിരുന്നു. അവിടെവച്ച് അദ്ദേഹം വിശുദ്ധനായ ഒ രു ക്രിസ്ത്യൻ പാതിരിയുമായി അടുത്തിടപഴകുകയുണ്ടായി. ആ പാതിരി മരണശയ്യയിൽ വച്ച് മൗസി ലെ പാതിരിയെ ചെന്ന് കാണാനും, അയാൾ അപൂർവ്വ വ്യക്തിത്വത്തിന് ഉടമയാണെന്നും സൽമാന് വിവരം കൊടുത്തു.തുടർന്ന് സൽമാൻ ഇറാഖിന് വടക്കുഭാഗത്തേക്കു പോവുകയുണ്ടായി. ആ യാത്ര നിരവധി പുണ്യപുരുഷന്മാരുമായി ബന്ധപ്പെടാനുള്ള ഒരു വലിയ യാത്രയുടെ തുടക്കമാവുകയായിരു ന്നു. താൻ അവസാനമായി ഇടപഴകിയ ഒരു ക്രിസ്തീയ പുരോഹിതൻ അദ്ദേഹത്തിന്റെ മരണശയ്യയിൽ വച്ച് ഒരു പ്രവാചക ആഗമനത്തിന്റെ വൃത്താന്തം സൽമാനോട് പറയുകയുണ്ടായി. 'ആ പ്രവാചകൻ അബ്രഹാമിനെ മതവുമായാണ് നിയോഗിക്കപ്പെടുക. അദ്ദേഹം അറേബ്യയിൽനിന്ന് വരും. പിറന്ന നാടിനെ ഉപേക്ഷിച്ച് രണ്ട് ശിലാ പർവ്വതങ്ങൾക്കിടയിലെ കൃഷിഭൂമിയിൽ അദ്ദേഹം കുടിയേറിപ്പാർക്കും. അദ്ദേഹത്തിന്റെ അടയാളങ്ങൾ സുവ്യക്തം. സമ്മാനമായി ഭക്ഷണം നൽകിയാൽ അദ്ദേഹം ഭുജിക്കും. ഭിക്ഷ സ്വീകരിക്കില്ല. അദ്ദേഹത്തിന്റെ മുതുകുകളിൽ പ്രവാചകത്വത്തിന്റെ മുദ്ര പതിഞ്ഞിട്ടുണ്ട്.'

സൽമാൻ ആ പ്രവാചകനെ കാണാനുള്ള മനസ്സുമായി അറേബ്യയിലേക്ക് പോകുന്ന ഒരു കച്ചവട സംഘത്തിൽ പണം കൊടുത്തു ചേർന്നു. എന്നാൽ, അഖബാ കടലിനടുത്തുള്ള വാദിൽ ഖുറാ എന്ന സ്ഥലത്തെത്തിയപ്പോൾ പ്രസ്തുത കച്ചവടസംഘം സൽമാനെ അടിമയായി ഒരു ജൂതനു വിറ്റു. അവി ടുത്തെ ഈന്തപ്പനകളുടെ കാഴ്ച, താൻ അന്വേഷിക്കുന്ന പട്ടണം അടുത്തെങ്ങാനുമായിരിക്കുമോ എന്ന ഒരു സംശയം സൽമാനിൽ ഉണ്ടാക്കി. അതിനിടയിൽ, സൽമാന്റെ ഉടമ അദ്ദേഹത്തെ മദീനയിലെ ബനൂ ഖുറൈള ഗോത്രത്തിൽപ്പെട്ട മറ്റൊരാൾക്ക് കൈമാറി. പുതിയ പ്രദേശം കണ്ട സൽമാന് സംശയലേശമെന്യേ പ്രവാചകന്റെ ഭൂമി ഇതുതന്നെയായിരിക്കുമെന്ന് ബോധ്യപ്പെട്ടുതുടങ്ങി.

സൽമാന്റെ പുതിയ ഉടമക്ക് ഖുബായിൽ കുടുംബ ബന്ധമുണ്ടായിരുന്നു. പ്രവാചകൻ എത്തിയ ആദ്യ നാളുകളിൽ ഖുബായിലെ അദ്ദേഹത്തിന്റെ ബന്ധു വിവരവുമായി മദീനയിലേക്ക് പോയിരുന്നു. അയാൾ ഒരു ദിവസം ഈന്തപ്പനയുടെ ചുവട്ടിൽ വെച്ച് സൽമാന്റെ ഉടമയോട് ഇങ്ങനെ പറഞ്ഞു: 'ഖൈ ലയുടെ മക്കളെ ദൈവം ശപിക്കട്ടെ. അവരെല്ലാവരും ഇപ്പോൾ മക്കയിൽ നിന്ന് വന്ന ഒരു മനുഷ്യനു ചുറ്റും ഒത്തുകൂടിയിരിക്കുയാണ്. അയാൾ ഒരു പ്രവാചകനാണെന്നാണ് അവരുടെ അവകാശവാദം.'

ആ വാക്കുകൾ ഈന്തപ്പനയുടെ മുകളിൽ ജോലിചെയ്യുകയായിരുന്ന സൽമാന്റെ മനസ്സിൽ ആണ്ടിറങ്ങി. അദ്ദേഹത്തിന്റെ ശരീരം വിറച്ചു. മരമുകളിൽ നിന്നു താഴെ വീഴുമോ എന്ന് സൽമാൻ ഭയന്നു. എങ്ങനെയോ അയാൾ താഴേക്കിറങ്ങി. കൂടുതൽ വിവരങ്ങൾ ഖുബായിൽ നിന്നു വന്ന ജൂതനോട് ചോദിച്ചു. എന്നാൽ, അയാളുടെ യജമാനൻ പ്രസ്തുത അന്വേഷണത്തിൽ കുപിതനാവുകയും ജോലിയിലേക്കുതന്നെ തിരിച്ചുപോകാൻ കൽപന കൊടുക്കുകയും ചെയ്തു. എങ്കിലും അന്നു വൈകുന്നേരം സൽമാൻ ഖുബായിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു ഭക്ഷപ്പൊതിയുമുണ്ടായിരുന്നു. സൽമാൻ അവിടെ എത്തിയപ്പോൾ പ്രവാചകൻ കൂട്ടുകാരോടൊപ്പം അവിടെ ഇരിക്കുകയായിരുന്നു. എന്നാൽ, കൂടുതൽ അടുത്തേക്ക് പോകാതെ ഭക്ഷണപ്പൊതി ഭിക്ഷയാണെന്ന സൂചനയോടെ പ്രവാചകനു കൊടുത്തു. അദ്ദേഹം അത് വാങ്ങുകയും സ്വയം ഭക്ഷിക്കാതെ കൂടെയുള്ളവർക്ക് നൽകുകയുമുണ്ടായി. എന്നെങ്കിലും ഒരുനാൾ പ്രവാചകത്വമുദ്ര തനിക്ക് കാണാനാവുമെന്ന് സൽമാൻ മോഹിച്ചു. ഇപ്പോൾ പ്രവാചക സാന്നിധ്യത്തിൽ ആയതിന്റെ സന്തോഷവും ആദ്യമായി അദ്ദേഹത്തെ കേൾക്കാൻ കഴിഞ്ഞതിന്റെ ഉന്മാദവുമായി സൽമാൻ മദീനയിലേക്ക് തന്നെ മടങ്ങി.

അന്നും പതിവുപോലെ യസ്‌രിബുകാർ കാത്തിരിക്കുകയായിരുന്നു. അപ്പോഴതാ ഒരാൾ വിളിച്ചു പറയുന്നു: 'ഖൈലക്കാരെ, നിങ്ങളുടെ കൂട്ടുകാരൻ ഇതാ വന്നു കഴിഞ്ഞു!' എന്നും അവരുടെ കാത്തിരിപ്പ് കാണാറുള്ള ഒരു ജൂതന്റെ ശബ്ദമായിരുന്നു അവർ കേട്ടത്. അതൊരു വെള്ളിയാഴ്ചയായിരുന്നു. മദീനയിൽ വെച്ച് റാനൂന താഴ്വരയിൽ സ്ഥിതിചെയ്യുന്ന പള്ളിയിൽ വച്ച് മുഹമ്മദ് ജുമാ നമസ്കാരം നിർവഹിച്ചു. നേരിട്ട് ഇതുവരെ കണ്ടിട്ടില്ലെങ്കിലും ആരോടുള്ള സ്നേഹവും ആരുടെ ദൗത്യത്തിലുള്ള വിശ്വാസവും ഹൃദയത്തിൽ നിറഞ്ഞു തുളുമ്പുന്നുവോ ആരുടെ നാമം നിത്യപ്രാർത്ഥനകളിൽ പലതവണ ഉരുവിടുന്നുവോ, ആ മനുഷ്യനെ കൺനിറയെ ഒന്നു കാണാൻ, ആ സാമിപ്യം ഒന്നു ലഭിക്കാൻ മുസ്ലീങ്ങൾ അഹമഹമികയാ കുതിച്ചു. സർവ്വ വിധ സൗകര്യങ്ങളോടും സംരക്ഷണത്തോടും കൂടി ഒപ്പം താമസിക്കാൻ മദീന നേതാക്കൾ ഓരോരുത്തരും അദ്ദേഹത്തെ ക്ഷണിച്ചു പക്ഷേ, അദ്ദേഹം ഒഴിഞ്ഞുമാറി. ഒട്ടകപ്പുറത്ത് കയറി അതിന്റെ കടിഞ്ഞാൻ അയച്ചു. പ്രവാചക വാഹനമായ ഖസ്‌വ അപ്പോൾ താളാത്മകമായി നടന്നു നീങ്ങി.

വീഥിയുടെ ഇരുഭാഗത്തും കൂട്ടംകൂടി നിന്ന മുസ്‌ലീംകൾക്കിടയിലൂടെ അതു മന്ദം മന്ദം നടന്നുനീങ്ങി. അതിനു നടക്കാൻ അവർ വഴി സൗകര്യപ്പെടുത്തിക്കൊടുത്തു. ജൂതന്മാരും വിഗ്രഹാരാധകരും ആ കാഴ്ച നോക്കിനിന്നു. തങ്ങളുടെ പട്ടണത്തിൽ നാമ്പെടുക്കുന്ന ഈ പുതുജീവിതത്തെ അവർ സാകൂതം വീക്ഷിച്ചു. ഔസും ഖസ്‌റജും ആരുടെ പിന്നിൽ ഒറ്റക്കെട്ടായി അണിനിരക്കുന്നുവോ, ആ മഹാനായ നേതാവിനെ അവർ സകൗതുകം ദർശിച്ചു. ചരിത്രം പുതിയൊരു വഴിത്തിരിവിലെത്തി നിൽക്കുന്ന ഈ നിമിഷത്തിൽ, തങ്ങളുടെ നഗരത്തിനുവേണ്ടി വിധിയൊരുക്കിവച്ച ശാശ്വതമഹത്ത്വത്തെയും പ്രൗഢിയെയും കുറിച്ച് അവരിൽ ഒരാൾ പോലും അപ്പോൾ ചിന്തിച്ചിരിക്കുകയില്ല.

ഒട്ടകം നടന്നുകൊണ്ടേയിരുന്നു. നജ്ജാർ വംശജരായ രണ്ട് അനാഥ ബാലന്മാർക്ക് അവകാശപ്പെട്ട ഒരു ഒഴിഞ്ഞ ഇടത്തിനടുത്ത് അതു മുട്ടുകുത്തി. ആ ഭൂമി ആരുടേതാണെന്ന് പ്രവാചകൻ അന്വേഷിച്ചു. ഔഫിന്റെ സഹോദരനായ മുആദാണ് അതിന് മറുപടി പറഞ്ഞത്. രണ്ട് അനാഥക്കുട്ടികളായ സഹ്‌ലിന്റെയും സുഹൈലിന്റെയും ഉടമസ്ഥതയിലായിരുന്നു ആ സ്ഥലം. ആ കുട്ടികൾ അസ്അദിന്റെ സംരക്ഷണത്തിലാണ്. പ്രവാചകൻ ആ കുട്ടികളെ വിളിക്കാൻ അസ്അദിനോട് പറഞ്ഞു. എന്നാൽ, അവർ അവിടെത്തന്നെ ഉണ്ടായിരുന്നു. പ്രവാചകൻ അവരോട് ആ സ്ഥലം വിൽക്കുകയാണെങ്കിൽ എന്തു വില തരണമെന്ന് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'അങ്ങനെ വേണ്ട പ്രവാചകരേ, അത് ഞങ്ങൾ താങ്കൾക്ക് തരാം.' എന്നാൽ, സ്ഥലം ഒരു ദാനമായി സ്വീകരിക്കാൻ പ്രവാചകൻ തയ്യാറായില്ല. അസ്അദിന്റെ സഹായത്തോടെ സ്ഥലത്തിന് ഒരു വില നിശ്ചയിച്ചു. അതിനിടയിൽ അവിടത്തെ അയൽക്കാരനായ അബൂഅയ്യൂബ് ഖാലിദ് എന്നൊരാൾ പ്രവാചകന്റെ യാത്രാസന്നാഹങ്ങളും മറ്റു സാധനങ്ങളുമെടുത്ത് തന്റെ വീട്ടിലേക്ക് പോയിരുന്നു. പ്രവാചകനെ

അതിഥിയായി സ്വീകരിക്കാൻ തയ്യാറായ പലരോടും പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "ഒരു യാത്രികൻ എപ്പോഴും അവന്റെ ഭാണ്ഡത്തോടൊപ്പമായിരിക്കും.'

അബൂഅയ്യൂബ് രണ്ടാം അഖബ ഉടമ്പടിയിൽ പ്രതിജ്ഞയെടുത്ത തന്റെ കുലത്തിലെ പ്രഥമ അംഗമായിരുന്നു. അയാളും ഭാര്യയും വീടിന്റെ മുകൾ ഭാഗത്തേക്കു മാറി, താഴ്ഭാഗം പ്രവാചകനു വിട്ടുകൊടുക്കുകയായിരുന്നു. അസ്അദ് ഖസ്വയെ അതിനടുത്തുള്ള തന്റെ സ്വന്തം പാർപ്പിടത്തിലേക്ക് തെളിച്ചു.

# പള്ളി നിർമാണം

പുതുതായി വാങ്ങിയ തന്റെ ഭൂമിയിൽ ഒരു ആരാധനാലയം പണിയാൻ പ്രവാചകൻ നിർദേശിച്ചപ്പോൾ ഖുബാഇൽ സംഭവിച്ചതുപോലെ എല്ലാവരും അതിനുവേണ്ടി പ്രവർത്തനരംഗത്തിറങ്ങി. പള്ളിയുടെ നിർമാണവേളയിൽ അബൂ അയ്യൂബ് ഖാലിദ് ബിൻ സൈദ് അൽ അൻസാരിയുടെ വീട്ടിലാണ് അദ്ദേഹം താമസിച്ചത്. മുഹാജിറുകളോടും അൻസാറുകളോടും ഒപ്പം പ്രവാചകനും പള്ളി നിർമിക്കുന്നതിനു വേണ്ടി അധ്വാനിച്ചു.

മദീനയിൽ ഉണ്ടായിരുന്ന മുസ്‌ലീംകളെ പ്രവാചകൻ സഹായികളെന്ന് അർഥം വരുന്ന 'അൻസാർ' എന്ന പേരിൽ വിശേഷിപ്പിച്ചു. അതേയവസരം സ്വന്തം നാട് ഉപേക്ഷിച്ച് മദീനയിലേക്ക് കുടിയേറിയ ഖുറൈശികളും മറ്റു ഗോത്രങ്ങളും ഉൾപ്പെടുന്ന സംഘത്തെ പ്രവാസികൾ എന്ന അർഥത്തിൽ 'മുഹാജിറുകൾ' എന്നും വിളിക്കുകയുണ്ടായി. പ്രവാചകൻ ഉൾപ്പെടെ എല്ലാവരും പള്ളിനിർമാണത്തിൽ പങ്കുചേരുകയാണ്ടായി. പള്ളി പൂർത്തിയായശേഷം അതിന്റെ ഒരുഭാഗത്തായി പ്രവാചകനുവേണ്ടി ഒരു വസതിയും പണിതീർത്തു. പളളിയോ വസതിയോ ആർക്കും ഒരു മ മനോവിഷമവും ഉണ്ടാക്കിയില്ല. കാരണം, പ്രവാചകന്റെ അധ്യാപനങ്ങളോടു തികച്ചും നീതിപുലർത്തുംവിധം ലളിതമായിരുന്നു അതിന്റെ ഘടന. പള്ളി വിശാലമായ ഒരു മുറ്റംപോലെയായിരുന്നു. നാലു ചുവരുകൾ മണ്ണും ഇഷ്ടികയും കൊണ്ടാണ് നിർമിച്ചത്. മേൽപ്പുരയുടെ ഒരു ഭാഗം ഈത്തപ്പനയോല മേഞ്ഞു. ബാക്കിഭാഗം തുറന്നുകിടന്നു. പള്ളിയുടെ ഒരു ഭാഗം വീടില്ലാത്ത പാവങ്ങൾക്ക് അന്തിയുറങ്ങാൻ വേണ്ടി നീക്കപ്പെട്ടു. ഇശാഅ് നമസ്കാരത്തിന്റെ സമയത്തു മാത്രമേ വിളക്കു കത്തിച്ചിരുന്നുള്ളൂ, സ്വൽപം വൈക്കോൽ കത്തിച്ചാണ് വെളിച്ചമുണ്ടാക്കിയിരുന്നത്. ഒമ്പതു വർഷത്തോളം അതായിരുന്നു പതിവ്, അതിനുശേഷം മേൽപ്പുരയെ താങ്ങിനിർത്തിയിരുന്ന ഈത്തപ്പനത്തടിയിൽ വിളക്കുകൾ വച്ചു. പ്രവാചകന്റെ വസതിയും പള്ളിയേക്കാൾ മെച്ചമായിരുന്നില്ല.അത്യാവശ്യം വേണ്ട മറവിന്റെ കാര്യത്തിലല്ലാതെ.

# 4. പ്രാർത്ഥന പഠനം

## രോഗം പിടികൂടുമ്പോൾ

أَللهُمَّ رَبَّ النّاسِ أَذْهِبِ البأْسَ وَاشْفِ أَنْتَ الشّافِي لَا شِفَاءَ إِلَّا شِفَائُكَ
شِفَاءً لاَ يُغَادِرُ سَقَمًا ( بخاري)

അല്ലാഹുവേ, ജനങ്ങളുടെ നാഥാ! കഷ്ടത ദുരീകരിച്ചു തരുക! ശമനം നൽകുക! നീയല്ലോ ശമിപ്പിക്കുന്നവൻ. നിന്റെ ശമനമല്ലാതെ ശമനമൊന്നുമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം!

YOUTH INDIA
KUWAIT